**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2478** **15-10-2024 - ൽ മറുപടിയ്ക്ക്**

**ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | വ്യവസായ ആവശ്യങ്ങൾക്കായി സ്ഥലലഭ്യതയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായും വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്ത് ഉടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം ഉപയോഗപ്പെടുത്തി ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗരേഖ വ്യവസായ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള അപേക്ഷ സമർപ്പിക്കുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടറുടെ പ്രത്യേക വെബ് പോർട്ടൽ നിലവിൽ വന്നിട്ടുള്ളതുമാണ്. ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് തയ്യാറാകുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപേക്ഷകൾ വെബ് പോർട്ടലിലൂടെ സ്വീകരിച്ചു വരുന്നു. |
| (ബി) | സ്വകാര്യമേഖലയിലെ കോളേജുകളിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമവും വ്യക്തമാക്കുമോ; | (ബി) | ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിരാക്ഷേപസാക്ഷ്യപത്രം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ 29-07-2024-ലെ G.O.(Rt) No. 949/2024/HEDN നമ്പർ ഉത്തരവ് പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമിയുള്ള സർക്കാർ/ സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് (ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.കൾ മുതലായവ), ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കിനായി അപേക്ഷിക്കാം. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) സ്ഥാപിക്കുന്നതിന് കുറഞ്ഞത് രണ്ട് ഏക്കർ ഭൂമിയാണ് ആവശ്യമായി വരുന്നത്. 30 വർഷത്തേക്ക് ആണ് ഡവലപ്പർ പെർമിറ്റ് അനുവദിക്കുക. |

| | | | |
|---|---|---|---|
| | | | ക്യാമ്പസ് വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി Ecologically Sensitive Area (ESA), Coastal Regulation Zone (CRZ), Plantation, Kerala Conservation of Paddy Land & Wet Land Act 2008 എന്നീ വിഭാഗത്തിൽപ്പെടുന്നവ ആയിരിക്കരുത്. പ്രസ്തുത എസ്റ്റേറ്റുകളിൽ RED category ഒഴികെയുള്ള വ്യവസായങ്ങൾക്ക് സ്ഥലം അനുവദിക്കാവുന്നതാണ്.<br><br>ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിന് ഓൺലൈൻ ആയി ലഭ്യമാകുന്ന അപേക്ഷകൾ, പദ്ധതിമാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നവയാണോയെന്നു പരിശോധിക്കുന്നതും സ്ഥലം അനുയോജ്യമാണോയെന്ന് കണ്ടെത്തി ശിപാർശ ചെയ്യുന്നതും ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മറ്റിയാണ്. തുടർന്ന് സർക്കാർ തലത്തിൽ 8 വകുപ്പ് സെക്രട്ടറിമാർ അടങ്ങുന്ന ഉന്നതതലസമിതി പരിശോധിച്ച് ഡെവലപ്പർ പെർമിറ്റ് അനുവദിക്കുന്ന വിഷയത്തിൽ തീരുമാനം എടുക്കുന്നു. |
| (സി) | ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് കോളേജുകൾക്ക് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് ഡെവലപ്പർ പെർമിറ്റ് ലഭിക്കുന്ന വ്യവസായ ഭൂമിക്ക് 1999-ലെ "കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യ ഡെവലപ്മെന്റ് നിയമത്തിന്റെ" പരിധിയിൽ വരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കും.<br><br>ക്യാമ്പസ് വ്യവസായ പാർക്കിലെ പൊതു സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ഡ്രൈനേജ്, ETP/CETP, laboratory, testing and certification facilities എന്നിവ ഒരുക്കുന്നതിന് ഡെവലപ്പർ ആയിട്ടുള്ള വിദ്യാഭ്യാസസ്ഥാപനത്തിന് ഏക്കറിന് 20 ലക്ഷം രൂപ നിരക്കിൽ പരമാവധി 1.5 കോടി രൂപ വരെ ഒരു എസ്റ്റേറ്റിനും, Standard Design Factory (SDF) സ്ഥാപിക്കുന്നതിന് കെട്ടിട നിർമ്മാണം ഉൾപ്പടെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് പരമാവധി 1.5 കോടി രൂപ സർക്കാർ ധനസഹായം നൽകുന്നതാണ്. എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യവികസനം പൂർത്തിയാക്കുന്ന മുറയ്ക്ക് റീ-ഇംബേഴ്സ്മെന്റ് ആയിട്ടാണ് തുക അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ